# ടെലിഫോൺ കേബിൾ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള കുഴിയിൽ വീണ് പരിക്കുപറ്റിയയാൾക്ക് ടെലിഫോൺ വകുപ്പും സർക്കാരും കോൺട്രാക്ടറും കൂടി നഷ്ടപരിഹാരം നല്കണം

**കേരള ഹൈക്കോടതി**

R.F.A. No. 330/2005 Dt. 13.12.2019

യൂണിയൻ ഓഫ് ഇന്ത്യ x സ്വരൂപ് ഷെട്ടി

ഉപ്പള-കോടിബയിൽ റോഡിനു കുറുകെ ടെലിഫോൺ കേബിൾ സ്ഥാപിക്കുന്നതിനു വേണ്ടി കിടങ്ങ് കുഴിക്കുന്ന ജോലി ടെലികോം വകുപ്പ് കോൺട്രാക്ടറെയാണ് ഏല്പിച്ചത്. കോൺട്രാക്ടർ നിയോഗിച്ച തൊഴിലാളികൾ കിടങ്ങ് കുഴിച്ച് മണ്ണ് കിടങ്ങിന്റെ ഇരുവശത്തുമായി കൂട്ടിയിട്ടു. റോഡിനു കുറുകെയുള്ള കിടങ്ങിന് സമീപത്ത് യാതൊരു മുന്നറിയിപ്പോ അപകട സൂചനയോ തടസ്സമോ സ്ഥാപിക്കാതെ തൊഴിലാളികൾ സ്ഥലം വിട്ടു. കിടങ്ങിൽ കേബിൾ സ്ഥാപിച്ച് കുഴിമൂടാൻ ടെലികോം അധികൃതർ യാതൊരു നടപടിയുമെടുത്തില്ല. അപ്രകാരമിരിക്കെ കൂട്ടുകാരോടൊത്ത് അതിരാവിലെ വ്യായാമത്തിനായി നടക്കാൻ പോയ മിടുക്കനായ സ്കൂൾ വിദ്യാർത്ഥി അബദ്ധത്തിൽ കിടങ്ങിൽ വീഴുകയും നട്ടെല്ലിന് സാരമായി പരിക്കേല്ക്കുകയും ചെയ്തു. ഉടനടി ആശുപത്രിയിലെത്തിച്ച് ചികിത്സ നല്കിയെങ്കിലും അരയ്ക്കു താഴെ ചലനശക്തി നഷ്ടപ്പെട്ട വിദ്യാർത്ഥിയുടെ ജീവിതം ചക്രക്കസേരയിൽ ഒതുക്കേണ്ടിവന്നു. കായിക മേഖലയിൽ മിടുക്ക് തെളിയിക്കുന്നത് സ്വപ്നം കണ്ട് ജീവിച്ച വിദ്യാർത്ഥിയാണ് അപകടത്തെത്തുടർന്ന് ചക്രക്കസേരയിൽ ജീവിതം തള്ളിനീക്കാൻ നിർബ്ബന്ധിതനായത്. ദുരവസ്ഥയിലായ വിദ്യാർത്ഥി നഷ്ടപരിഹാരമാവശ്യപ്പെട്ട് സർക്കാരിനും ടെലികോം വകുപ്പിനും കോൺട്രാക്ടർക്കുമെതിരെ സബ് കോടതിയിൽ വ്യവഹാരം ബോധിപ്പിച്ചു. എട്ട് ലക്ഷം രൂപയാണ് നഷ്ടപരിഹാരമായി വിദ്യാർത്ഥി ആവശ്യപ്പെട്ടത്. ഉത്തരവാദിത്വം കോൺട്രാക്ടർക്കാണെന്ന് ചൂണ്ടിക്കാട്ടി സർക്കാരും ടെലിക്കോം വകുപ്പും ബാധ്യതയിൽ നിന്ന് ഒഴിഞ്ഞുമാറി. കിടങ്ങ് കുഴിക്കുന്ന ജോലി മാത്രമാണ് താൻ ഏറ്റെടുത്തതെന്നും സുരക്ഷാ ക്രമീകരണങ്ങൾ ചെയ്യേണ്ടത് പ്രധാന തൊഴിലുടമയായ ടെലികോം വകുപ്പാണെന്നും കോൺട്രാക്ടർ വാദിച്ചു. പ്രതികളുടെ തടസ്സവാദങ്ങൾ തള്ളിക്കളഞ്ഞ സബ് കോടതി വിദ്യാർത്ഥിയുടെ അപേക്ഷ അനുവദിക്കുകയും എട്ട് ലക്ഷം രൂപ പലിശയും വ്യവഹാര ചെലവുമടക്കം പ്രതികൾ മൂന്ന് പേരും കൂടി വിദ്യാർത്ഥിക്ക് നല്കണമെന്ന് വിധിക്കുകയും ചെയ്തു. ഇതിനെതിരെ കേന്ദ്ര സർക്കാരും ടെലികോം വകുപ്പും ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. വിദ്യാർത്ഥിയുടെ അശ്രദ്ധമൂലമാണ് അപകടമുണ്ടായതെന്നും നഷ്ടപരിഹാരം നല്കാൻ ബാധ്യസ്ഥരല്ലെന്നും സർക്കാരും ടെലികോം വകുപ്പും വാദിച്ചു. അപകടം നടന്നത് റോഡിനു കുറുകെ കിടങ്ങ് കുഴിച്ചതുകൊണ്ടാണെന്നും മുന്നറിയിപ്പു നല്കുന്ന ബോർഡ് സ്ഥാപിച്ചിരുന്നെങ്കിൽ അപകടം ഒഴിവാക്കാമായിരുന്നുവെന്നും ഹൈക്കോടതി നിരീക്ഷിച്ചു. മുന്നറിയിപ്പ് നല്കാതിരുന്നത് പ്രതികളുടെ ഭാഗത്തുനിന്നുള്ള വീഴ്ചയും അശ്രദ്ധയുമാണെന്നും പരിക്കുപറ്റിയ വിദ്യാർത്ഥിയുടേതല്ലെന്നും ഹൈക്കോടതി ചൂണ്ടിക്കാട്ടി. സുരക്ഷാ ക്രമീകരണങ്ങൾ നടത്താൻ സർക്കാരും ടെലികോം വകുപ്പും കോൺട്രാക്ടറും ഒന്നുപോലെ ഉത്തരവാദികളാണെന്ന് വിലയിരുത്തിയ ഹൈക്കോടതി സബ് കോടതിയുടെ വിധി ശരിവയ്ക്കുകയും അപ്പീൽ തള്ളിക്കളയുകയും ഒരു മാസത്തിനുള്ളിൽ പണം കൊടുത്തുതീർക്കണമെന്ന് ഉത്തരവിടുകയും ചെയ്തു.